## പാഠം 6

നാം ഇതുവരെ അ, ബ എന്നീ അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന വാക്കുകളാണ് പഠനവിധേയമാക്കിയത്. ഇനി ത കൊണ്ട് തുടങ്ങുന്ന ചില പദങ്ങളെ പഠിക്കുക.

മുട്ടനാടിനെ കാണാത്തവരാരും നമ്മുടെ കൂട്ടത്തിലുണ്ടാകില്ല. ആ നാമം എല്ലാവർക്കും സുപരിചിതമാണ്. പല ഭാഷകളിലും പല നാമങ്ങളാണ് അതിനുള്ളത്. ഒന്നിലേറെ നാമങ്ങളും അതിലൊക്കെ കാണാം. അറബിയിലും മുട്ടനാടിന് പല പേരുകളും ഉണ്ട്. നാം ഇവിടെ **തൈസ്** എന്ന നാമമാകുന്നു പഠിക്കാൻ പോകുന്നത്. തൈസ് എന്നാൽ മുട്ടനാട് എന്നർഥം. തൈസ് എന്ന വാക്ക് നല്ലതുപോലെ മനസ്സിലുറപ്പിച്ച ശേഷം എഴുതുക. (ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| | | | | |
|---|---|---|---|---|
| تَيْس | തൈസ് تَيْس | س | يْ | تَ |
| എഴുതുന്ന രൂപം | മുട്ടനാട് | സ് | യ് | ത |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക. തയ്സ് എന്ന് ഉച്ചരിക്കേണ്ടതില്ല. തൈസ് എന്ന് പറഞ്ഞാൽ മതി.

---

അടുപ്പ് കാണാത്തവർ നമ്മിൽ ആരും കാണില്ല. പലരും അത് ഉപയോഗിച്ചുട്ടുമുണ്ടാകും. അറബിയിൽ അതിന് **തന്നൂർ** എന്നാണ് പറയുക. തന്നൂർ എന്നാൽ അടുപ്പ് എന്നർഥം. തന്നൂർ എന്ന വാക്ക് മനസ്സിൽ നല്ല പോലെ ഉറപ്പിക്കുക. എന്നിട്ട് ആ വാക്ക് എഴുതി ശീലിക്കുക.



| | | | | | |
|---|---|---|---|---|---|
| تَنُّور | تَنُّور തന്നൂർ | رْ | و | نُّ | تَ |
| എഴുതുന്ന രൂപം | അടുപ്പ് | ർ | ൂ | ന്നു | ത |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

<u>**നിയമം:**</u> ഇവിടെ ന്നായും (نّ) അതിനു ശേഷമുള്ള വ (و) എന്ന ദീർഘത്തിനുള്ള അക്ഷരവും അടുത്തുവന്നത് കാണാം. അത് രണ്ടും കൂട്ടി എഴുതിയത് പ്രത്യേകം ശ്രദ്ധിക്കുക.

---

ഇനി അടുത്ത വാക്ക് നോക്കുക. അത്തിമരത്തെ പറ്റി കേൾക്കാത്തവർ ആരുമുണ്ടാകില്ല. പലരും കണ്ടിട്ടുണ്ടാകും. ചിലരെങ്കിലും അതിന്റെ കായയും കഴിച്ചിട്ടുണ്ടാകും. അത്തിമരത്തിന് അറബിയിൽ തീൻ എന്നോ അത്തീൻ എന്നോ ഒക്കെയാണ് പറയുക. നമ്മുടെ പഠനസൗകര്യത്തിനായി **തീൻ** എന്നാണ് സ്വീകരിച്ചിട്ടുള്ളത്. തീൻ എന്നാൽ അത്തി എന്ന വാക്ക് പലവുരു പറഞ്ഞ് ഹൃദിസ്ഥമാക്കുക. എന്നിട്ട് ആ വാക്ക് എഴുതുക.

| | | | | |
|---|---|---|---|---|
| تِيْن | തീൻ تِيْن | نْ | ي | تِ |
| എഴുതുന്ന രൂപം | അത്തി | ൻ | ീ | തി |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---


മണ്ണ് നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന വസ്തുവാകുന്നു. അതിനെ ഒഴിവാക്കി നമുക്ക് ജീവിക്കാനാകില്ല. മരിച്ചാലും മണ്ണിൽ തന്നെയാണ് വിലയം. മണ്ണിന് **തുറാബ്** എന്നാണ് അറബിയിൽ പറയുക. അത് മറക്കരുത്. തുറാബ് = മണ്ണ് എന്ന് നന്നായി ഹൃദിസ്ഥമാക്കിയതിനു ശേഷം ആ വാക്ക് എഴുതി പതിക്കുക.

| | | | | | |
|---|---|---|---|---|---|
| تُرَاب | تُرَاب തുറാബ് | بْ | ا | رَ | تُ |
| എഴുതുന്ന രൂപം | മണ്ണ് | ബ് | ാ | റ | തു |

ഈ വാക്കുകൾ ആവർത്തിച്ചെഴുതി നല്ലതുപോലെ ഹൃദിസ്ഥമാക്കുക.
കൂട്ടിയെഴുതുന്ന രൂപം:

| | | |
|---|---|---|
| തയ്സ് | تَيْس | تَ يْ س |
| തന്നൂർ | تَنُّور | تَ نُّ و ر |
| തീൻ | تِين | تَ ي نْ |
| തുറാബ് | تُرَاب | تُ رَا ب |

അക്ഷരങ്ങൾ എഴുതുന്ന രീതി



**പരിശീലനം:**

1. താഴെ പറയുന്ന വാക്കുകൾ അറബിയിൽ കൂട്ടി എഴുതുക:
   നൈത്, ബാർ, താർ, തബസ്, സൂപർ, ബൂരി, തബനൂർ.
2 താഴെ എഴുതിയ വാക്ക് വായിച്ച് കൂട്ടിയെഴുതുക:

س ن ت و ر